# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5952 04.07.2019 ൽ മറുപടിക്ക്**

**നിലമ്പൂർ യാർഡ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.വി. അൻവർ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ നിലമ്പൂർ യാർഡ് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതീക്ഷിക്കുന്ന നിർമ്മാണച്ചെലവ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | കേരള സർക്കാർ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ) നെ നിർമ്മാണ ചുമതല ഏർപ്പെടുത്തിയ 27 റോഡ് ഓവർ ബ്രിഡ്ജുകളിൽ (ആർ ഒ ബി) എൽ.സി നം.12- നിലമ്പൂർ യാർഡ് ആർ ഒ ബി ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ റോഡ് ഓവർ ബ്രിഡ്ജിനു പകരം റോഡ് അണ്ടർ ബ്രിഡ്ജാണ് (ആർ.യു.ബി) നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ പ്രതീക്ഷിത നിർമ്മാണ ചിലവ് 35.27 കോടി രൂപയാണ്. പദ്ധതിയുടെ ജി.എ.ഡി പൂർത്തീകരിക്കുകയും റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. |
| ബി) | നിലവിൽ സ്ഥലം ലഭ്യമായതിനാൽ ടെണ്ടർ നടപടികളിലേക്ക് കടക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ നിലമ്പൂർ യാർഡും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | പ്രസ്തുത ആർ.യു.ബി യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെറിയ തോതിലുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട് (1.85 ആർ). സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമന ഘട്ടത്തിലാണ്. |
| സി) | നിലമ്പൂർ യാർഡ് നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ? | സി) | പദ്ധതിയുടെ ജി.എ.ഡി റെയിൽവേ അംഗീകരിക്കുന്ന മുറയ്ക്കും, ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്കും നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ